പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1912 22.03.2012 ൽ മറുപടിക്ക്

## വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ഓഫീസ് പ്രവർത്തനം

ചോദ്യം
ശ്രീമതി.കെ.എസ്.സലീഖ

മറുപടി
ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ഓഫീസ് ആവശ്യത്തിനായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ടോ ; | എ) യും ബി) യും | തുറമുഖ പദ്ധതിയുടെ വികസനം ലാന്റ് ലോർഡ് മോഡൽ പ്രകാരം നടപ്പിലാക്കാൻ നിശ്ചയിച്ചതിനാൽ കൂടുതൽ സാങ്കേതിക/സാമ്പത്തിക വിദഗ്ധരേയും, അവർക്കുള്ള ഓഫീസ് സൗകര്യങ്ങളും ഉൾക്കൊള്ളുവാൻ പര്യാപ്തമായ ഒരു കെട്ടിടം ഓഫീസാവശ്യത്തിനായി വാടകയ്ക്ക് എടുത്തിട്ടുണ്ട്. 3171 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള പ്രസ്തുത കെട്ടിടത്തിന്റെ മാസ വാടക സ്ക്വയർ ഫീറ്റിനു 40/- രൂപയാണ്. പ്രസ്തുത ഓഫീസിലെ എല്ലാ Interior works നും മറ്റു ഓഫീസ് സജ്ജീകരണങ്ങൾക്കും വേണ്ടി 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, കമ്പനി ബോർഡ് അംഗീകരിച്ചതനുസരിച്ചുള്ള പണികൾ നടക്കുന്നു. |
| ബി | എങ്കിൽ മാസ വാടക എത്ര ; കെട്ടിടം മോടി വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ചെലവെത്ര ; വ്യക്തമാക്കാമോ ; | | |
| സി | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയിൽ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ ; | സി | ഉണ്ട്. |
| ഡി | എങ്കിൽ എന്തുകൊണ്ട് ഈ കെട്ടിടങ്ങൾ ഓഫീസിനായി ഉപയോഗിച്ചില്ല ; വ്യക്തമാക്കാമോ ? | ഡി | പദ്ധതിയുടെ സൈറ്റിലെ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത കെട്ടിടത്തിൽ ഒരു എൻജിനീയർ site-in-charge ആയി ഒരു സൈറ്റ് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രജിസ്റ്റേർഡ് ഓഫീസ്/കോർപ്പറേറ്റ് ഓഫീസ് പദ്ധതി നിർമ്മാണ പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ